# പടപ്പാട്ടുകളുടെ പെരുമ


രമേഷ് വി.കെ.

മലയാളവിഭാഗം, കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്, മുതുവല്ലൂർ, കൊണ്ടോട്ടി


വിശ്വസാഹിത്യത്തിലുടനീളം നിറഞ്ഞുനില്ക്കുന്ന ദ്വയങ്ങളാണ് പ്രണയവും പോരും. ഒരുപക്ഷേ, ഈ രണ്ടു ഘടകങ്ങളേയും ഒഴിച്ചുനിർത്തിയാൽ സർഗ്ഗവ്യവഹാരങ്ങളിലെ സിംഹഭാഗവും അപൂർണ്ണമായിരിക്കും. മണ്ണിനും പെണ്ണിനും വേണ്ടിയുള്ള പോരാട്ടങ്ങളാണ് സാമ്രാജ്യങ്ങളുടെ പതനാഭ്യുദയങ്ങൾക്കു വഴിതെളിച്ചതെന്നത് ഒരു ചരിത്രസത്യമാണ്. ഇലിയഡ്, ഒഡീസ്സി എന്നീ പാശ്ചാത്യകാവ്യങ്ങളും രാമായണം, മഹാഭാരതം എന്നീ പൗരസ്ത്യകാവ്യങ്ങളും ഈ വസ്തുതയ്ക്ക് ഒരുപോലെ പിൻബലം നല്കുന്നു. രാമചരിതകാരൻ വാല്മീകിയുടെ യുദ്ധകാണ്ഡത്തെ മാത്രം അവലംബിച്ചത് ഊഴിയിൽ ചെറിയവരിലേയ്ക്ക് വീരരസം പ്രദാനംചെയ്ത് കർമ്മോത്സുകരാക്കാൻ വേണ്ടിയാണ്. കണ്ണശ്ശൻമാരുടെ വർണ്ണനകൾ അതീവ ഹൃദ്യമാകുന്നതും, എഴുത്തച്ഛന്റെ ഭാഷ കൂടുതൽ ചടുലത കൈവരിക്കുന്നതും യുദ്ധരംഗങ്ങൾ വർണ്ണിക്കുമ്പോൾ തന്നെ. ഇപ്രകാരം സവർണ്ണസംസ്കൃതിയുടെ ഭാഗമായി ഏറെ ഉദ്ഘോഷിക്കപ്പെട്ട യുദ്ധകാവ്യങ്ങൾ ഒരു സമാന്തരശാഖയായി കേരളദേശത്ത് പ്രചാരം സിദ്ധിച്ച അറബി-മലയാള ഭാഷയിലേയ്ക്കുകൂടി സംക്രമിക്കുകയുണ്ടായി. അതിന്റെ പരിണതഫലമായാണ് പടപ്പാട്ടുകൾ പിറവിയെടുക്കുന്നത്.

കേരള മുസ്ലിങ്ങളുടെ ഗ്രന്ഥഭാഷയായിരുന്ന അറബിമലയാളത്തിൽ പാട്ടുകൾ എന്ന പേരിലാണ് കാവ്യരൂപങ്ങൾ പുകൾപെറ്റത്. സൈന്യത്തെക്കുറിയ്ക്കുന്ന പടയും, കവിതയെ കുറിക്കുന്ന പാട്ടും ചേർന്ന് 'പടപ്പാട്ട്' എന്ന സംജ്ഞ ഉടലെടുത്തു. പടപ്പാട്ടുകളെ അവയുടെ ആശയസ്വീകാര്യത, ആഖ്യാനരീതി എന്നിവയനുസരിച്ച് പ്രധാനമായും അഞ്ചുവിഭാഗങ്ങളായി തരംതിരിക്കാം. ഒന്ന് ഇസ്ലാമിലെ നാടോടിക്കഥകളുമായി ബന്ധപ്പെട്ടവയാണ്. ഇവയ്ക്ക് ചരിത്രപരമായ ആധികാരിതയില്ല. ഇസ്ലാംമതവുമായി ബന്ധപ്പെട്ട കെട്ടുകഥകളെ പാടിപ്പുകഴ്ത്തുക മാത്രമാണിവയുടെ ലക്ഷ്യം. മറ്റൊന്ന് ഇസ്ലാമികചരിത്ര വികസ്വരതയുമായി ബന്ധപ്പെട്ടവയാണ്. ഇസ്ലാമിന്റെ ആദ്യനാളുകൾ, മുൻകാലയുദ്ധങ്ങൾ എന്നിവയാണ് ഇവയിലെ പ്രമേയം. ഇനിയൊരു വിഭാഗം ശുദ്ധമായ സാങ്കല്പികകഥകളുമായി ബന്ധപ്പെട്ടവയാണ്. കവികളുടെ കേവലം മനോവ്യാപാരങ്ങളിൽനിന്നും പിറവിയെടുക്കുന്ന ഇവയിൽ സ്വതന്ത്രമായ ഏത് ആശയവും ഉൾക്കൊണ്ടിരിക്കും. അനന്തരം മാപ്പിളചരിത്രവുമായി ബന്ധപ്പെട്ട യുദ്ധകാവ്യങ്ങളും നിലവിലുണ്ട്. സംഭവകഥകളെ പുരസ്കരിക്കുന്ന ഇവയിൽ ജീവിച്ചിരിക്കുന്നവരുടേയോ രക്തസാക്ഷികളുടേയോ വീരാപദാനങ്ങളാണ്

ചിത്രീകരിച്ചിരിക്കുക. ഒപ്പം അലൗകികജീവജാലങ്ങൾ കഥാപാത്രങ്ങളായി അണിനിരക്കുന്ന മറ്റൊരു വിഭാഗവും പടപ്പാട്ടുകളിലുൾപ്പെടുന്നു.

മുദ്രണശാലകൾ രൂപംകൊള്ളുന്നതിനുമുമ്പുതന്നെ കയ്യെഴുത്തുപ്രതികളായി പടപ്പാട്ടുകൾ പിറവിയെടുത്തിരുന്നു. കണ്ടുകിട്ടാത്തവയും കാലാന്തരത്തിൽ കൈമോശം വന്നവയും അവയിലുൾപ്പെടുന്നു. ആയതിനാൽ ഒരു നിശ്ചിത കൃതിയെ ആദ്യ യുദ്ധകാവ്യമെന്നുസ്ഥാപിക്കുന്നതിൽ ഔചിത്യമില്ല. പ്രാചീനയുദ്ധകാവ്യങ്ങളിൽ ശ്രദ്ധേയമായ രണ്ടു രചനകളാണ് തബൂക്ക് പടപ്പാട്ടും ഖന്തക്ക് പടപ്പാട്ടും. ഹിജ്റ 1200 (എ.ഡി. 1786)ന്റെ മധ്യത്തോടെയാണ് ഈ രണ്ടു കൃതികളും പുറത്തിറങ്ങിയത്. തബൂക്ക് എന്നത് സൗദി അറേബ്യയുടെ വടക്കു പടിഞ്ഞാറൻ ഭാഗത്ത് സ്ഥിതിചെയ്യുന്ന പ്രദേശമാണ്. മധ്യകാലഘട്ടത്തിൽ റോമിനു കീഴിലുണ്ടായിരുന്ന ബൈസന്റേയ്ൻ (Byzantine) സാമ്രാജ്യത്തിനെതിരെ പടനയിച്ച് പ്രവാചകൻ നടത്തിയതായി പറയപ്പെടുന്ന യുദ്ധമാണ് തബൂക്ക് യുദ്ധം. അബ്ബാസിന്റെ സമരവീര്യം കൃതിയിൽ നിറഞ്ഞുനില്ക്കുന്നു. പൊന്നാനി സ്വദേശിയായ നൂറുദ്ദീനെയാണ് ഈ രണ്ടു പടപ്പാട്ടുകളുടേയും കർത്താവായി ഗണിച്ചുപോരുന്നത്. സമാനമായി കോഴിക്കോട് സ്വദേശിയായ മുഹ്‌യിദ്ദീൻ സാഹിബിന്റെ വലിയ ജിൻപടയും മുഹ്‌യിദ്ദീൻ ബ്നുബാവയാൽ വിരചിതമായ ചെറിയ ജിൻപടപ്പാട്ടും പ്രാചീനയുദ്ധകാവ്യങ്ങളുടെ ഗണത്തിലുൾപ്പെടുന്നു. ചരിത്രപരമായ ആധികാരിതയില്ലാത്ത ഈ രണ്ടു കൃതികളിലും സഹാബിയായ അലി ജിന്നുകളുമായി നടത്തുന്ന സാങ്കല്പിക സമരചരിത്രമാണ് ആലേഖനം ചെയ്തിരിക്കുന്നത്. അപ്രകാശിതമായ പഴയ യസീദ്പടപ്പാട്ടിലും അലിയെ മഹത്വവത്കരിക്കുന്നതുകാണാം. ശിയാവീക്ഷണം ഉൾക്കൊള്ളുന്ന ആദ്യമഹാകാവ്യമെന്ന പ്രത്യേകതയും ഇതിനുണ്ട്.

പ്രാചീന യുദ്ധകാവ്യങ്ങളുടെ ഗണത്തിൽപ്പെടുന്നതും, പില്ക്കാലകവികൾക്കെല്ലാം മാർഗ്ഗദർശിയുമായ്ത്തീർന്ന മൗലികമായ കൃതിയാണ് സഖൂം പടപ്പാട്ട്. ഇസ്ലാമിലെ ഒരു നാടോടിക്കഥയെ പുരസ്കരിക്കുന്ന ഈ കൃതി കിതാബുൽമഗാസി എന്ന ഗ്രന്ഥത്തെ ഉപജീവിച്ച് അറബിത്തമിഴിലിൽ വരിശൈ മുഹ്‌യിദ്ദീൻ പുലവർ രചിച്ച 'സഖൂം പടൈപ്പോർ'എന്ന കാവ്യത്തിന്റെ അറബിമലയാള വിവർത്തനമാണ്. എണ്ണൂറ്റി എൺപത് വരികളുള്ള അറബിത്തമിഴിലെ ഈ മഹത്തായ യുദ്ധകാവ്യം 1848-ലാണ് അറബിമലയാളത്തിൽ പുറത്തിറങ്ങുന്നത്.

'കാലം കഴിഞ്ഞ് ഉമർ ഫുടിഫൈട്ടുമ്പോൾ
കലിമ ലിസാൻ അദിൽ ബസങ്ങീടള്ളാ-
ഫാലം സിറാത്തുമ്മൽ കടത്തിബിട്ട്-
ഫദവി ലിഖാ കാമാൻ തുണ ചെയ്അള്ളാ'

എന്ന ഫലശ്രുതിയനുസരിച്ച് രചയിതാവ് ഏതോ ഉമർ ആണെന്നും, മതപരമായ ദൗത്യനിർവഹണമാണ് കാവ്യരചനയ്ക്ക് അവലംബമെന്നും വിശ്വസിക്കപ്പെടുന്നു. ഉമർ എന്ന പദം പ്രായത്തെക്കുറിക്കുന്നതാണെന്ന് ചിലർ വാദിക്കുന്നുണ്ടെങ്കിലും, മതപണ്ഡിതനും കായൽ പട്ടണം സ്വദേശിയുമായ ഉമർ ആലിം ലബ്ബയാണ് സഖൂം പടപ്പാട്ടിന്റെ രചയിതാവെന്ന അഭിപ്രായത്തിനാണ് കൂടുതൽ സ്വീകാര്യത ലഭിച്ചത്.

ഇറാഖിലെ ഭരണാധികാരിയായിരുന്ന സഖൂമിനെതിരെ പ്രവാചകൻ നടത്തിയതായി പറയപ്പെടുന്ന പടയോട്ടത്തിന്റെ കഥയാണ് സഖൂംപടപ്പാട്ടിൽ അനാവരണം ചെയ്തിരിക്കുന്നത്. അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് തിരുനബി സഖൂമിനെ ഇസ്ലാമിലേയ്ക്ക് ക്ഷണിച്ചു. നിർദ്ദേശം പുച്ഛിച്ചുതള്ളിയ സഖൂം പ്രവാചകനെതിരെ പടനയിച്ചു. തന്റെ പക്ഷത്തുനിന്നും ഒട്ടേറെ വീരയോദ്ധാക്കൾ പടക്കളത്തിൽ പരാജിതരായി ഇസ്ലാം സ്വീകരിച്ചെങ്കിലും കീഴ്പ്പെടാൻ സഖൂം തയ്യാറായില്ല. വർദ്ധിതവീര്യനായി പോരാടിക്കൊണ്ടിരുന്നെങ്കിലും

സഖൂമിന്റെ സൈന്യം നിഷ്കാസനം ചെയ്യപ്പെട്ടുകൊണ്ടിരുന്നു. ഭയപരവശനായ സഖൂം ഒടുവിൽ യുദ്ധമവസാനിപ്പിച്ച് പ്രവാചകസവിധത്തിലെത്തി ശഹാദത്ത് കലിമചൊല്ലി ഇസ്ലാംമതം സ്വീകരിച്ചു. തുടർന്ന് നബിയുടേയും സഹാബികളുടേയും സാന്നിധ്യത്തിൽ സഖൂമിന്റെ പുത്രി സൗജത്തും പുതുവിശ്വാസി സുനാഫീലും വിവാഹിതരാകുന്നതോടെ സഖൂംപടപ്പാട്ട് ശുഭപര്യവസായിയായിത്തീരുന്നു.

ഇസ്ലാമികചരിത്രത്തിലെവിടെയും പരാമർശിക്കപ്പെടാത്ത ഈ പടപ്പാട്ട് കേവലം സാങ്കല്പികമായ ഒരു കാവ്യമാണ്. അനിസ്ലാമിക ശക്തിക്കുമേൽ ഇസ്ലാമികശക്തിനേടിയ ധീരമായ വിജയമാണ് കാവ്യം ഉദ്ഘോഷിക്കുന്നത്. ഹസ്രത്ത് അലിയുടെ വീരസാഹസികതകൾ നിറഞ്ഞുനില്ക്കുന്ന സഖൂംപടപ്പാട്ട് മറ്റു പ്രാചീനകൃതികളെപ്പോലെ തന്നെ ശിയാസങ്കല്പത്തേയും ഊട്ടിഉറപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഇറാഖിൽ നടന്നതായി പറയപ്പെടുന്ന യുദ്ധത്തെ ഭാരതീയപശ്ചാത്തലത്തിലേയ്ക്ക് പറിച്ചുനടാനുള്ള ശ്രമവും കവി അവലംബിച്ചതായി കാണാം. പ്രാചീന മാപ്പിള മഹാകാവ്യങ്ങളിലൊന്നായ ഈ കൃതി ആധുനിക യുദ്ധകാവ്യങ്ങൾക്കെല്ലാം പ്രചോദനമായി വർത്തിച്ചതിനാൽ 'തന്തസഖൂം' എന്ന പേരിലും പുകൾപെറ്റു.

വീരജേതാവായിരുന്ന ഖാലിദ്ബ്നുവലീദ്(റ) മക്കയുടെ താഴ്വരയിൽ വെച്ചുനടത്തിയ അതിഘോരമായ സംഘട്ടനത്തിന്റെ ആവിഷ്കാരമാണ് താന്നൂർ മൊയ്തീൻകുട്ടി മുല്ല തന്റെ ഗസ്വത്ത് ഫത്ഹ് മക്ക അഥവാ മക്കം ഫത്ഹ് പടപ്പാട്ടിൽ ആലേഖനം ചെയ്തിരിക്കുന്നത്. കുഞ്ഞിസീതിസാഹിബിന്റെ ഖന്തക്ക് പടപ്പാട്ടും ശ്രദ്ധേയമായൊരു കൃതിയാണ്. അദ്ദേഹത്തിന്റെ തന്നെ ഫുളുഹ്ത്തായിഫ് പടപ്പാട്ടിൽ മക്കാവിജയാനന്തരം നബിതിരുമേനിയും സഹാബാക്കളും ഒരു മാസക്കാലത്തോളം തായിഫ് കോട്ട ഉപരോധിച്ചതിന്റെ ധീരസമരചരിത്രം വർണ്ണിച്ചിരിക്കുന്നു.

വിശുദ്ധഖുർആനിൽ പരാമർശിക്കപ്പെട്ട രണ്ടു യുദ്ധങ്ങളിലൊന്നാണ് ഹുനൈൻ യുദ്ധം. മുഹമ്മദ്നബിയും സഹാബികളും അറേബ്യയിലെ 'ത്വാഖിഫ്' ഗോത്രവംശജർക്കെതിരെ നടത്തിയ പോരാട്ടമാണ് ഹുനൈൻ യുദ്ധത്തിൽ കലാശിച്ചത്. മുസ്ലിങ്ങളുടെ വിജയത്തിലവസാനിക്കുന്ന ഹുനൈൻ യുദ്ധത്തെ പുരസ്കരിച്ച് മാളിയേക്കൽ കുഞ്ഞഹമ്മദ്സാഹിബ് ഒരു പടപ്പാട്ട് രചിക്കുകയുണ്ടായി. യയാമത്ത്, ബഹനസ്സ് എന്നിവയും മാപ്പിളസാഹിത്യത്തിലെ മഹത്തായ യുദ്ധകാവ്യങ്ങളാണ്. ഇറാഖിലെ കർബലയിൽ വെച്ച് നബിയുടെ പൗത്രനായ ഹുസൈനും ഭരണാധിപനായ യാസിദ് ഒന്നാമന്റെ വലിയ സൈന്യവും തമ്മിലുണ്ടായ ഘോരയുദ്ധമാണ് കർബലപടപ്പാട്ടിന്റെ പ്രമേയം. ഹുസൈനും അദ്ദേഹത്തിന്റെ ആറുമാസം പ്രായമുള്ള പുത്രനും മരണമടഞ്ഞു. സ്ത്രീകളും കുട്ടികളും തടവിലാക്കപ്പെട്ടു. എ.ഡി. 680-ൽ നടന്നതായി വിശ്വസിക്കപ്പെടുന്ന ഈ യുദ്ധത്തിന് ശിയാസാഹിത്യത്തിൽ വലിയസ്ഥാനമാണുള്ളത്. ഹുസൈന്റെ രക്തസാക്ഷിത്വം ദൈവഹിതമനുസരിച്ചാണെന്നുപറയപ്പെടുന്നു. യാസിദ് ഇസ്ലാമിനെ നശിപ്പിക്കുന്നതു തടയാൻ മനഃപൂർവ്വം സൃഷ്ടിക്കപ്പെട്ടതാണിതെന്നും വിശ്വസിക്കുന്നവരുണ്ട്.

പടപ്പാട്ടുകളുടെ ഗണത്തിൽ അദ്വിതീയസ്ഥാനമലങ്കരിക്കുന്ന കൃതിയാണ് ചേറ്റുവായ് പരീക്കുട്ടിയുടെ ഫുളുഹുശ്ശാം. മാപ്പിളസാഹിത്യത്തിലെ വൃത്തനിയമങ്ങളെയെല്ലാം ഉല്ലംഘിക്കാനുള്ള ശ്രമം ഇതിൽകാണാം. സിറിയ-റോം യുദ്ധചരിത്രമാണ് കാവ്യത്തിലെ ആശയം. ഖലീഫമാരായിരുന്ന അബൂബക്കർ സിദ്ദിഖ്, ഉമർഫാറൂഖ് എന്നിവരുടെ സുവർണ്ണകാലഘട്ടത്തിലെ സമരചരിത്രങ്ങൾ ഈ പടപ്പാട്ടിൽ സമഗ്രമായി വിവരിച്ചിട്ടുണ്ട്. ലാളിത്യമാർന്ന ഭാഷാശൈലി ഫുളുഹുശ്ശാം പടപ്പാട്ടിനെ ഏറെ ഹൃദ്യമാക്കുന്നു. പ്രതാപികളായ കവികളുടെ സൃഷ്ടികൾക്കുമുന്നിൽ തന്റെ കൃതി നിസ്സാരമാണെന്ന് വിനയാന്വിതനായി കവി

പറയുന്നുണ്ട്. വാഖിദിയുടെ ചരിത്രഗ്രന്ഥത്തിൽ നിന്നും ഫുളൂഹുശ്ശാം സംഭവങ്ങൾ കവിയ്ക്കു വിവരിച്ചുകൊടുത്തത് ശൈഖ് അഹ്മദുള്ള സെൻ ബുഖാരിയാണ്. അപ്രകാശിതമായ 'റഅ്സുൽഗുൽ എന്ന ഹർബുൽ കുബ്റായിലും' സിറിയ-റോം വിജയചരിത്രമാണ് പ്രതിപാദിച്ചിരിക്കുന്നത്. ഏറ്റവും വലിയ മാപ്പിളപ്പാട്ടുകാവ്യമെന്ന ബഹുമതിയും ഈ കൃതിയ്ക്കുണ്ട്.

തുർക്കിയിലെ ഖലീഫയായിരുന്ന അബ്ദുൾഹമീദ്ഖാന്റെ ഭരണകാലത്ത് നടന്ന ഗ്രീക്ക് സമരചരിത്രത്തെ പുരസ്കരിച്ച് കൊയിലാണ്ടി അഹമ്മദ് സാഹിബ് ഒരു യുദ്ധകാവ്യം രചിക്കുകയുണ്ടായി. ഹിജ്റ 1300-ൽ (എ.ഡി. 1883) രചിക്കപ്പെട്ട ഈ കൃതി ഗ്രീസ്പട എന്ന പേരിലാണറിയപ്പെടുന്നത്. ശംസുൽ അഖ്ബാൻ, സഫീറ്, മുഹമ്മദ് എന്നീ ആനുകാലികങ്ങളിൽനിന്നാണ് ഗ്രീക്ക് യുദ്ധവാർത്തകൾ ശേഖരിച്ചതെന്ന് കവിതന്നെ വ്യക്തമാക്കുന്നുണ്ട്. തുർക്കിസൈന്യം ഗ്രീക്കുകാരെ പരാജയപ്പെടുത്തിയതും തുടർന്നവർ സന്ധിചെയ്യുന്നതുമാണ് കാവ്യത്തിൽ വിവരിച്ചിരിക്കുന്നത്. കേരള മുസ്ലിങ്ങളുടെ സാഹിത്യസംഭാവനകളിൽ ഏറ്റവും മികച്ച പടപ്പാട്ടാണിതെന്ന് സലാഹുൽ ഇഖ്വാൻ എന്ന പത്രം ഗ്രീസുപടപ്പാട്ടിനെ പ്രശംസിക്കുകയുമുണ്ടായി.

ഫത്ഹുൽബുസറ അഥവാ മൂഅ്അത്ത് (വല്ലാഞ്ചിറ മൊയ്തീൻഹാജി), ബനറ്റുൽ ഉള്മാ (അബ്ദുൽ അസീസ്സ്), ദാത്തുൽഹിമാർ അലിയുദ്ധം, ചെറിയ ബഹ്നസ്സ് (അഹമ്മദ്കുട്ടി), യാസിദ്പട (ഉണ്ണിമമ്മദ്), മുരൈശിഹ്യുദ്ധകാവ്യം (ചെറിയ അഹമ്മദ്) എന്നിങ്ങനെ ചെറുതുംവലുതുമായ ഒട്ടേറെ യുദ്ധകാവ്യങ്ങൾ പലകാലഘട്ടങ്ങളിലായി അറബിമലയാളത്തിൽ പിറവിയെടുത്തിട്ടുണ്ട്.

പടപ്പാട്ടുകളുടെ ആഖ്യാനഘടനയേയും ആശയസ്വീകാര്യതയേയും നവീകരിച്ചതൊടൊപ്പം സാമാന്യജനവിഭാഗങ്ങളിലേയ്ക്ക് അവയെ സംക്രമിപ്പിക്കുകയും ചെയ്ത ആദ്യ വ്യക്തി മാപ്പിളകവിസമ്രാട്ടായ മോയിൻകുട്ടിവൈദ്യരായിരുന്നു. ലോകമുസ്ലിങ്ങളെയാകമാനം സ്വാധീനിക്കുകയും മാപ്പിളകവികളെയെല്ലാം പ്രചോദിപ്പിക്കുകയും ചെയ്ത മഹത്തായ രണ്ടു യുദ്ധങ്ങളാണ് ബദറും, ഉഹ്ദും. ഒട്ടേറെ മാപ്പിളകവികൾ ഈ യുദ്ധങ്ങളെ പുരസ്കരിച്ച് പടപ്പാട്ട് കെട്ടിയിട്ടുണ്ടെങ്കിലും മോയിൻകുട്ടിവൈദ്യരോളം തിളങ്ങിയ മറ്റൊരു പ്രതിഭ മാപ്പിളസാഹിത്യത്തിലില്ല. കേവലം നാലുപതിറ്റാണ്ടുകാലം (1852-1892) മാത്രം ജീവിച്ചിരുന്ന അദ്ദേഹം ലളിതമായ ശൈലികൊണ്ടും വ്യതിരിക്തമായ ഇശലുകൾകൊണ്ടും ബദർ, ഉഹ്ദ് യുദ്ധചരിത്രത്തെ സാധാരണക്കാരിലേയ്ക്ക് പകർന്നുനല്കി. അവ പിന്നീട് തലമുറകളിലേയ്ക്ക് സംക്രമിക്കുകയും മഹത്തായ മാപ്പിളസാഹിത്യത്തിലെ അനശ്വരമായ ഈടുവെയ്പുകളായിത്തീരുകയും ചെയ്തു.

ഹുനൈൻ യുദ്ധത്തോടൊപ്പം വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെട്ട മറ്റൊരു യുദ്ധമാണ് ബദർ. മുഹമ്മദ്നബിയും മതനിഷേധികളായ ഖുറൈശികളും തമ്മിലാണ് യുദ്ധമരങ്ങേറിയത്. സിറിയയിൽ നിന്നും മക്കയിലേക്കുള്ള പാതയും മദീനയിൽ നിന്നും മക്കയിലേക്കുള്ള പാതയും സംഗമിക്കുന്ന സ്ഥലമാണ് ബദർ. കേവലം ഒരുദിനം മാത്രം നീണ്ടുനിന്ന ഈ യുദ്ധത്തിൽ നബിയുടെ സൈന്യം അബുജഹലിന്റെ നേതൃത്വത്തിലുള്ള ഖുറൈശിപ്പടയെ പരാജയപ്പെടുത്തി. അതോടെ നബിയുടെ കീർത്തി ലോകമെങ്ങും വ്യാപിക്കുകയും ഒട്ടേറെപ്പേർ ഇസ്ലാമിലേയ്ക്ക് ആകൃഷ്ടരാവുകയും ചെയ്തു.

ഒരു സാഹിത്യസൃഷ്ടി എന്നനിലയിൽ ഒട്ടേറെ സവിശേഷതകൾക്കു പാത്രമായ കൃതികൂടിയാണ് വൈദ്യരുടെ ബദർ പടപ്പാട്ട്. മുൻകാല കവികളെല്ലാം ഗഹനമായ ആഖ്യാനരീതിയിലൂടെ ബദർ ചരിത്രത്തെ വിശകലനം ചെയ്തപ്പോൾ വീരസാഹസികതകൾക്കപ്പുറം സാമൂഹികജീവിതക്രമങ്ങളേയും ഇതരവ്യവഹാരങ്ങളേയും സന്നിവേശിപ്പിക്കാനാണ് വൈദ്യർ ശ്രമംനടത്തിയത്. ആർത്തുല്ലസിച്ചുവരുന്ന ഖുറൈശിപ്പട വിവിധ

വാദ്യോപകരണങ്ങളാൽ അന്തരീക്ഷമാകമാനം പ്രകമ്പനംകൊള്ളിക്കുന്നതായി കവി വർണ്ണിച്ചിരിക്കുന്നു. വാദ്യോപകരണങ്ങളുടെ വ്യത്യസ്തമായ താളങ്ങൾ അതേ തന്മയത്ത്വത്തോടെയാണ് വൈദ്യർ പകർത്തിയിരിക്കുന്നത്.

തുടരെ മദ്ദളവും - മുരശൊട്ടു
മറുവ ഒറ്റെകളും - ബജയൊട്ടു
തുടികൾദപ്പുകളും - കൈമണി
ദുനികൾ താശകളാൽ
കൊട്ടുമ പുല്ലുകൾ പൂളചൂളകൾ
കൊമ്പു ചങ്കുകളാൽ - തകൃതികൾ
കോള് താളമേ - ഓടിചാടിയും
സ്വഫ് നിപ്പുകളാൽ

എന്നിങ്ങനെ ചടുലവും താളനിബന്ധിതവുമായ ആഖ്യാനശൈലികൊണ്ട് കാവ്യശരീരം മോടിപിടിപ്പിക്കാൻ വൈദ്യർക്കുസാധിച്ചിട്ടുണ്ട്. ഒരു പാട്ടിന്റെ ആദ്യപദം പിന്നീട് ഒരു പുതിയ ഇശലിന്റെ പേരായി പരിണമിക്കാറുണ്ട്.

'ഹഖ്വാന കോൻ അമറാൽ മക്കാവ് വിട്ട്നബി
പക്കാ മദീനത്തണവായ്
ഹാർ ഏതും എത്തിടുക ഈരാറുമൊത്ത ശഹ്ർ
ബാറാൽ പൊറുത്ത പിറകെ'

എന്ന ഈരടികളിൽനിന്നാണ് 'ഹഖ്വാന' എന്ന ഇശൽ രൂപംകൊണ്ടത്. മുസ്ലിങ്ങളും അമുസ്ലിങ്ങളും ഒരുപോലെ ഏറ്റുപാടിയ ഈ ഈരടികൾ അതിന്റെ അർത്ഥമറിയാത്തവർക്കിടയിൽപ്പോലും സുപരിചിതമാണ്.

നീതിയ്ക്കും ധർമ്മത്തിനും വേണ്ടി പ്രവാചകൻ നടത്തിയ യുദ്ധങ്ങളിൽ മഹത്തായ സ്ഥാനമാണ് ബദർയുദ്ധത്തിനുള്ളത്. വീരരസത്തേയും ഭക്തിഭാവത്തേയും ഉയർത്തിപ്പിടിച്ചതിലൂടെ സർവ്വസമ്മതിനേടിയെടുത്ത യുദ്ധകാവ്യമാണ് ബദർ പടപ്പാട്ട്. കേവലം നൂറ്റിപന്ത്രണ്ട് ഇശലുകളുള്ള ഈ കൃതി മാപ്പിളസാഹിത്യത്തിലെ ഏറ്റവും ജനകീയമായ പടപ്പാട്ടാണ്. മുഹ്യിദ്ദീൻമാല കഴിഞ്ഞാൽ മുസ്ലിം സമൂഹത്തിൽ വൈദ്യരുടെ ബദർ പടപ്പാട്ടിനോളം പ്രചാരം സിദ്ധിക്കാനായ മറ്റൊരു കൃതി ഉണ്ടായിട്ടില്ല. ആയിരക്കണക്കിന് പകർപ്പുകൾ വിറ്റഴിക്കപ്പെട്ട ഈ മഹത്തായ യുദ്ധകാവ്യം പടപ്പാട്ടുകളുടെ ഗണത്തിൽ ഇന്നും ഒരു ക്ലാസ്സിക്കായി നിലകൊള്ളുന്നു.

ബദർ യുദ്ധത്തെത്തുടർന്നുണ്ടായ മറ്റൊരു യുദ്ധവർണ്ണനാകാവ്യമാണ് ഉഹ്ദ് പടപ്പാട്ട്. ഉഹ്ദ് മലയുടെ അടിവാരത്തിൽ വെച്ച് ഹിജ്റ 3-ാമാണ്ടിൽ ഖുറൈശികളും മുസ്ലിങ്ങളും തമ്മിൽ ഏറ്റുമുട്ടുകയും, മുസ്ലിങ്ങൾ പരാജിതരാവുകയും ചെയ്ത കഥയാണിതിൽ പരാമർശിച്ചിരിക്കുന്നത്. ബദർ യുദ്ധത്തേക്കാൾ ഭാവനാസമ്പുഷ്ടമായ കഥാഖ്യാനമാണ് ഉഹ്ദ് പടപ്പാട്ടിൽ വൈദ്യർ സ്വീകരിച്ചിരിക്കുന്നത്. കോഴിക്കോട് ഖാസിയായിരുന്ന അബൂബക്കർകുഞ്ഞിയാണ് കവിയ്ക്ക് ഉഹ്ദ് യുദ്ധചരിത്രം ഭാഷാന്തരം ചെയ്തുകൊടുത്തത്. മുസ്ലിങ്ങൾ ഒരുകാലത്തും നേതൃത്വത്തെ ധിക്കരിക്കരുതെന്ന ഗുണപാഠം ഈ കൃതി മുന്നോട്ടുവെയ്ക്കുന്നു. സങ്കീർണ്ണമായ ഭാഷാപ്രയോഗങ്ങളും ഗഹനമായ ആഖ്യാനരീതിയും ഉൾക്കൊള്ളുന്ന ഉഹ്ദ് പടപ്പാട്ടിന്, പക്ഷെ ബദർ പടപ്പാട്ടിനോളം ഖ്യാതിനേടാനായില്ല.

നായികയുടെ പേരിൽ പുകൾപെറ്റ വൈദ്യരുടെ യുദ്ധകാവ്യമാണ് സലീഖത്ത് പടപ്പാട്ട്. ആധികാരിക ഇസ്ലാമികഗ്രന്ഥങ്ങളിലൊന്നും പരാമർശിക്കപ്പെടാത്ത ഒരു സാങ്കല്പികകഥയാണ് വൈദ്യർ ഈ കൃതിയിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

ആദ്യകാലരചനകളിൽപ്പെടുന്ന ഈ കൃതി ഇബ്നുഹിശാം തന്റെ 'സീറാഖുദ്സിയത്'' എന്ന ചരിത്രഗ്രന്ഥത്തിൽ ഉദ്ധരിച്ച കഥയാണെന്ന് കവി രേഖപ്പെടുത്തിയിട്ടുണ്ട്. 'തഹ്രീനൽ അഹ്ബാർ' എന്ന കൃതിയിലും ഈ കഥ പരാമർശിക്കപ്പെട്ടതായി പറയപ്പെടുന്നു. മതപണ്ഡിതന്മാർക്കിടയിൽ അഭിപ്രായഭിന്നതകളുണ്ടെങ്കിലും വൈദ്യരുടെ രചനാപാടവമാണ് സലീഖത്ത് പടപ്പാട്ടിനെ ഏറെ ജനകീയമാക്കിയത്. മൗലികമായ ഈ പടപ്പാട്ടിന്റെ ഇതിവൃത്തത്തെ ഇപ്രകാരം സംഗ്രഹിക്കാം.

ഇസ്ലാം മതപ്രചരണാർത്ഥം മുഹമ്മദ്നബിയും കൂട്ടരും യാത്രതിരിക്കേ വഴിമധ്യേ വെള്ളമന്വേഷിച്ചിറങ്ങിയ ഒരുകൂട്ടം കുതിരപ്പടയാളികളെ കണ്ടു. നബി ഒരു കല്ലിനുനേരെ വിരൽചൂണ്ടിയപ്പോൾ അതിൽനിന്നും ഉറവപൊട്ടുകയും പടയാളികൾ ദാഹം തീർക്കുകയും ചെയ്തു. സലീഖത്ത് രാജ്ഞിയുടെ പടയാളികളായിരുന്ന അവർ നബിയുടെ അത്ഭുതസിദ്ധിയിൽ ആകൃഷ്ടരായി ഇസ്ലാംമതം സ്വീകരിച്ചു. രാജ്ഞിയെ ഇസ്ലാമിലേക്ക് ക്ഷണിക്കാൻ ഒരു കത്ത് ദൂതൻ മുഖാന്തരം നബി അയച്ചുകൊടുത്തു. ഒരു പ്രവാചകന്റെ ആഗമനം സംബന്ധിച്ച വിശ്വാസം ഉണ്ടായിരുന്നെങ്കിലും, കിടയറ്റ പോരാളിയും സുന്ദരിയുമായിരുന്ന സലീഖത്ത് കത്തിൽ അവിശ്വസിക്കുകയും നബിയെ നേരിടാൻ ഒരുലക്ഷം സൈനികരെ അയയ്ക്കുകയും ചെയ്തു. എന്നാൽ ഇസ്ലാം സൈന്യം അവരെ തുരത്തിയോടിച്ചു. ഇതറിഞ്ഞ രാജ്ഞി ഏഴുലക്ഷം ഭടൻമാരുമായി നേരിട്ട് യുദ്ധക്കളത്തിലിറങ്ങി. പക്ഷെ നബിയുടെ സൈന്യം അടിയ്ക്കടി വിജയത്തിലേയ്ക്ക് കുതിച്ചുകൊണ്ടിരുന്നു. നബിയ്ക്ക് അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസംകൊണ്ടാണിതെല്ലാം സാധിക്കുന്നതെന്നറിഞ്ഞ സലീഖത്ത് രാജ്ഞി യുദ്ധമവസാനിപ്പിച്ച് ഇസ്ലാംമതം സ്വീകരിക്കുന്നതാണ് സലീഖത്ത് പടപ്പാട്ടിന്റെ കഥ.

കഥകളും ഉപകഥകളുമായി പരിണമിക്കുന്ന ഈ കൃതി പടപ്പാട്ടുകളുടെ ഗണത്തിൽ ബൃഹത്തായ ഒരു സൃഷ്ടിയാണ്. കടുത്ത ശിയാവിഭാഗങ്ങളുടെ അഭിപ്രായത്തെ സാധൂകരിക്കുന്ന ഈ കൃതിയിൽ ഇസ്ലാമിലെ നാലാമത്തെ ഖലീഫ അലി(റ)യുടേയും സൈന്യത്തിന്റേയും വീരകഥകൾ വർണ്ണിച്ചെഴുതിയിട്ടുണ്ട്. എന്നാൽ മഹാനായ അലി(റ)യുടെ ജീവചരിത്രവുമായി ആധികാരികബന്ധമൊന്നും ഈ കൃതിയ്ക്കില്ല. വൈദ്യർ രോഗാതുരനായി കിടന്നപ്പോൾ സലീഖത്ത് പടപ്പാട്ട് പുനഃപ്രസിദ്ധീകരിക്കരുതെന്ന് നിർദ്ദേശം കൊടുത്തിരുന്നു. ശരിയായ ചരിത്രവായനയിൽ തെറ്റിദ്ധാരണയുണ്ടാവാതിരിക്കാനും, ശിയാവിരുദ്ധരുടെ അപ്രീതിയ്ക്ക് പാത്രമാകാതിരിയ്ക്കാനുമായിരുന്നു അത്.

കേരളചരിത്രത്തെ പശ്ചാത്തലമാക്കി വൈദ്യർ രചിച്ച ഏകകൃതിയാണ് മലപ്പുറം പടപ്പാട്ട്. മദിനിദിമാല എന്നുകൂടി അറിയപ്പെടുന്ന ഈ പടപ്പാട്ട്. ഹിന്ദു-മുസ്ലിം മതമൈത്രിയെ പരിപോഷിപ്പിച്ച ഒരു ദേശീയകൃതിയായും പരിഗണിക്കപ്പെടുന്നു. ഉള്ളൂർ ഉമാകേരളം രചിക്കുന്നതിന് എത്രയോമുമ്പ് പുറത്തിറങ്ങിയ മലപ്പുറം പടപ്പാട്ട് കേരളചരിത്രം പരാമർശിച്ച ആദ്യകാവ്യമെന്ന ബഹുമതിയ്ക്കും പാത്രമായി. കുന്നലക്കോനാതിരിയുടെ സാമന്തനായൊരിടപ്രഭുവും മലപ്പുറം ദേശത്തിന്റെ ഭരണാധികാരിയുമായിരുന്ന പാറനമ്പി ചിലരുടെ ദുരുപദേശപ്രകാരം മുഹമ്മദീയർക്കെതിരെ ആക്രമണങ്ങളഴിച്ചുവിട്ടു. പാറനമ്പിയുടെ നായർപടയാളികളും മുസ്ലിങ്ങളും ചേർന്ന് ഹിജ്റ 1144-ൽ (എ.ഡി. 1732) പൂളക്കമണ്ണിൽ വെച്ച് ഏറ്റുമുട്ടി. നാല്പത്തിനാലോളം മുസ്ലിംയോദ്ധാക്കൾ മരണമടഞ്ഞു. അസഹ്യമായ ഹൃദയവേദനയുണ്ടായ പാറനമ്പി പിന്നീട് ക്ഷമാപണബുദ്ധിയോടെ മുസ്ലിങ്ങൾക്ക് പല ആനുകൂല്യങ്ങളും അനുവദിച്ചുകൊടുത്തു. ചേരമാൻ പെരുമാളിന്റെ മതപരിവർത്തനവും കേരളത്തിലേയ്ക്കുള്ള ഇസ്ലാംമതാഗമനവും ഉൾക്കൊള്ളുന്ന മലപ്പുറം പടപ്പാട്ട് ചരിത്രപഠിതാക്കൾക്ക് ഒരു മികച്ച മുതൽക്കൂട്ടാണ്. സംസ്കൃതഭാഷയിൽ വൈദ്യർക്കുള്ള പരിജ്ഞാനത്തിനും

അവയെ ഉചിതമായി അറബിമലയാളത്തിലേയ്ക്ക് സന്നിവേശിപ്പിക്കാനുള്ള വൈഭവത്തിനും ഈ യുദ്ധകൃതി ഒരു നല്ല ദൃഷ്ടാന്തമായി നിലകൊള്ളുന്നു.

മാപ്പിളസാഹിത്യത്തിൽ ഇദംപ്രഥമായി ബാലസാഹിത്യസൃഷ്ടിയ്ക്ക് തുടക്കമിട്ടതും മോയിൻകുട്ടിവൈദ്യരാണ്. ബാലമനസ്സുകളെ ഏറെ ആകർഷിച്ച എലിപ്പടയിൽ മാർജ്ജാര മൂഷികവംശങ്ങൾ തമ്മിലുണ്ടായ രണ്ടു സമരകഥകളാണ് വർണ്ണിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ മൂഷികവർഗ്ഗം രണാങ്കണത്തിൽ വെച്ച് ശത്രുക്കളെ പരാജയപ്പെടുത്തി. പൂച്ചരാജാവ് അപമാനിതനാവുകയും, വർദ്ധിതവീര്യത്തോടെ തിരിച്ചടിക്കുകയും ചെയ്തു. രണ്ടാം യുദ്ധത്തിൽ മൂഷികവംശം പൂർണ്ണമായും നാശോന്മുഖമായി.

'മണ്ടിവെച്ച പൂച്ചയും തടുത്ത് നിണ്ടതെത്തിരാ
മുറിക്കലും കടിക്കലും പുടിച്ചടിച്ചതെത്തിരാ
ചണ്ടകൾ തുടങ്ങി ഓരോ ജാതി തമ്മിൽ എന്തിരാ
ചൂട്ടുവാലിൽ കെട്ടിയ കുരങ്ങുകളുമെത്തിരാ
കൊണ്ട് തീപ്പൊരി വീശുന്ന ശിന്തിടുന്നതെത്തിരാ
ക്കുക്കിയും മുറവിളിത്ത് കരഞ്ഞുപാഞ്ഞതെന്തിരാ
കുണ്ടിലും കുഴിയിലും പാഞ്ഞി ഒളിച്ചതെത്തിരാ
കൂട്ടം വിട്ട് മണ്ടിയെ പട ഇനങ്ങൾ എന്തിരാ......'

എന്നിങ്ങനെയുള്ള ഈരടികൾ ബാലമനസ്സുകളിൽ ആഹ്ലാദം ജനിപ്പിക്കാൻ പോന്നവയാണ്. യുദ്ധം കേവലം മനുഷ്യർക്കിടയിൽ മാത്രമല്ല സഹജീവികൾക്കിടയിലുമുണ്ടെന്ന് ഈ ലഘുകാവ്യം ഓർമ്മപ്പെടുത്തുന്നു. പ്രസിദ്ധീകൃതമായ വൈദ്യരുടെ ആദ്യസൃഷ്ടിയെന്ന സവിശേഷതയും എലിപ്പടയ്ക്കുണ്ട്. കാരക്കൽ മമ്മദിന്റെ മീൻപടയാണ് സമാനമായി എടുത്തുകാട്ടാവുന്ന മറ്റൊരു കൃതി.

പ്രാചീന മധ്യകാലഘട്ടങ്ങളിലെയെല്ലാം പടപ്പാട്ടുകളെ വ്യതിരിക്തമാക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന് അവയിലെ സ്ത്രീസാന്നിധ്യമാണ്. യുദ്ധഭൂമിയിൽ പുരുഷകേസരികൾക്കൊപ്പം അടരാടുകയും അകമ്പടിസേവിക്കുകയും ചെയ്യുന്ന സ്ത്രീകളെ ഉഹ്ദ് പടപ്പാട്ടിൽ കാണാം. ഹിന്ദ്, ഹംറത്ത്, നസൈബാബീവി എന്നിവർ ഉഹ്ദിലെ കഥാപാത്രങ്ങളാണ്. ബദർ പടപ്പാട്ടിലാകട്ടെ ധീരയോദ്ധാക്കളെ വരവേല്ക്കാൻ ഒരുങ്ങിച്ചമഞ്ഞെത്തുന്ന സുരസുന്ദരിമാരുടെ വർണ്ണനകളാണുള്ളത്. സലീഖത്ത് പടപ്പാട്ടിൽ കേന്ദ്രകഥാപാത്രമായി പ്രത്യക്ഷപ്പെടുന്നതുതന്നെ ഒരു സ്ത്രീരത്നമാണ്. വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും ഒട്ടേറെ പരിമിതികൾ കല്പിക്കപ്പെട്ടിരുന്ന മാപ്പിളസ്ത്രീത്വത്തെ അത്തരം കെട്ടുപാടുകളിൽ നിന്നെല്ലാം മോചിപ്പിക്കാനും സ്വതന്ത്രബോധത്തിന്റെ പ്രതീകമായി ഉയർത്തിക്കാട്ടാനുമാണ് മാപ്പിളകവികളേറെയും ശ്രമിച്ചിരുന്നത്. പടപ്പാട്ടുകളിലെല്ലാം നിറഞ്ഞുനില്ക്കുന്ന സ്ത്രീസാന്നിധ്യം ഈ വസ്തുതയ്ക്ക് പിൻബലം നല്കുന്നു.

അധിനിവേശവിരുദ്ധ പോരാട്ടങ്ങളുമായി ബന്ധപ്പെടുത്തിയാണ് പടപ്പാട്ടുകളുടെ ആധുനികഘട്ടത്തെ വിശകലനം ചെയ്യേണ്ടത്. പോർച്ചുഗീസ് ആഗമനവും ചാലിയംകോട്ടയുടെ പതനവും ഇതിനുവേണ്ട പശ്ചാത്തലമൊരുക്കി. മതബോധനത്തിലും വാണിജ്യത്തിലും ഒരുപോലെ കുത്തകനേടാനാഗ്രഹിച്ച പറങ്കികൾ മുസ്ലിങ്ങൾക്കെതിരെ ആക്രമണമഴിച്ചുവിട്ടു. തങ്ങൾ വംശീയമായി ഉന്മൂലനംചെയ്യപ്പെടുന്നുവെന്ന മനസ്സിലാക്കിയ മുസ്ലിങ്ങൾ സംഘടിക്കുകയും അധിനിവേശത്തെ ചെറുത്തുനില്ക്കുകയും ചെയ്തു. അതിനുവേണ്ട ഉത്തേജനം പകർന്നുനല്കിയത് യുദ്ധകാവ്യങ്ങളായ പടപ്പാട്ടുകളായിരുന്നു. സമീപകാലത്തായി ലിസ്ബണിൽനിന്നും കണ്ടെടുത്ത ഒരു പടപ്പാട്ടിൽ സാമൂതിരിയുടെ നാവികപടയാളികളായിരുന്ന കുഞ്ഞാലിമാരും പറങ്കികളും തമ്മിലുണ്ടായ സമരചരിത്രത്തിന്റെ

വസ്തുനിഷ്ഠമായ വിവരണം കാണാം. പിന്നീടുവന്ന ബ്രിട്ടീഷുകാർ ഈ ഉന്മൂലനപ്രക്രിയയെ കൂടുതൽ രൂക്ഷമാക്കുകയാണുണ്ടായത്. മലബാർ കലാപവും വാഗൺട്രാജഡിയും ബ്രിട്ടീഷ് ഭരണത്തിനെതിരെ കേരളമുസ്ലിങ്ങളുടെ രോഷം ആളിപ്പടർത്തിയ സംഭവങ്ങളായിരുന്നു. ചേറൂർ പടപ്പാട്ട്, ചേറൂർ ചിന്ത് എന്നീ രണ്ടു കൃതികളുടേയും ആശയത്തെ ഇത്തരമൊരു സാഹചര്യത്തിൽനിന്നാണ് വിശകലനം ചെയ്യേണ്ടത്.

ചരിത്രവസ്തുതകളും കാവ്യകല്പനകളും ഒരുപോലെ സമ്മേളിക്കുന്ന ചേറൂർ പടപ്പാട്ട് മമ്മദ്കുട്ടി, മുഹ്‌യിദ്ദീൻ എന്നീ രണ്ടുപേർ ചേർന്ന് രചിച്ചതാണ്. സാരസർഗുണതിരുത രുളമാല എന്നുകൂടി അറിയപ്പെടുന്ന ഈ കൃതിയിൽ മമ്പുറം സയ്യിദ് അലവി തങ്ങളുടെ നേതൃത്വത്തിൽ ഏഴ് മാപ്പിളയോദ്ധാക്കളും ബ്രിട്ടീഷ് ഭടന്മാരും തമ്മിൽ ചേറൂർ ദേശ ത്തുവെച്ച് 1842-ലുണ്ടായ സംഘട്ടനമാണ് ആഖ്യാനം ചെയ്തിരിക്കുന്നത്. മദിരാശിയിൽ നിന്നെത്തിയ ക്യാപ്റ്റൻ ലീഡറുടെ നേതൃത്വത്തിലാണ് അറുപതോളം ബ്രിട്ടീഷുകാർ മാപ്പിളമാരെ നേരിട്ടത്. അലിഹസ്സൻ, മൂസക്കുട്ടി എന്നിവരായിരുന്നു ചേറൂർ സമരത്തിലെ പ്രധാന രക്തസാക്ഷികൾ. പട്ടാളക്കാർ മുസ്ലിംയോദ്ധാക്കളുടെ മൃതദേഹങ്ങൾ തിരൂരങ്ങാടി യിലേയ്ക്ക് കൊണ്ടുവന്ന് വിറകുകൂട്ടി ദഹിപ്പിക്കാൻ മുതിരവേ, ഒരു വലിയസംഘം മാപ്പിളമാർ പ്രതിഷേധവുമായെത്തി. തുടർന്ന് മൃതദേഹങ്ങൾ മന്താനി പറമ്പിനടുത്ത് സംസ്കരിക്കുക യാണുണ്ടായത്.

ദേശീയ സമരചരിത്രത്തിൽ നിർണ്ണായക പങ്കുവഹിച്ച ചേറൂർ പടപ്പാട്ട് അച്ചടിക്കുന്നതും ആലപിക്കുന്നതും ബ്രിട്ടീഷുകാർ വിലക്കിയിരുന്നു. അനുബന്ധമെന്നോണം വിവിധ പ്ര സ്സുകൾ കണ്ടുകെട്ടുകയും പ്രതികൾ കണ്ടെടുത്ത് നശിപ്പിക്കുകയും ചെയ്തു. ഖയ്യാത്തിന്റെ ചേറൂർ ചിന്തിനും ഇതേ അനുഭവമാണുണ്ടായത്. കരുത്തുറ്റ ബ്രിട്ടീഷ് സാമ്രാജ്യത്തെ തകിടം മറിക്കത്തക്കവണ്ണം വിപ്ലവാത്മകമായിരുന്നു അവയിലെ ആശയങ്ങൾ. മണ്ണാർക്കാട് പടപ്പാട്ട് (1891), മഞ്ചേരി പടപ്പാട്ട് (1896) തുടങ്ങി പത്തൊമ്പതാം നൂറ്റാണ്ടിൽ പുറത്തിറ ങ്ങിയ ബഹുഭൂരിപക്ഷം യുദ്ധകാവ്യങ്ങളും ഇപ്രകാരം അധിനിവേശവിരുദ്ധമനോഭാവത്തെ പ്രകടമാക്കുന്നവയായിരുന്നു.

കേരളദേശത്ത് ഇസ്ലാംമതത്തെ വ്യാപരിപ്പിക്കുന്നതിൽ പടപ്പാട്ടുകളോളം സ്വാധീ നിക്കാനായ മറ്റൊരു സാഹിത്യശാഖയില്ല. വിശുദ്ധഗ്രന്ഥങ്ങളിൽ മാത്രം പരാമർശിക്ക പ്പെട്ടവയും മതപണ്ഡിതന്മാർ മാത്രം കൈകാര്യം ചെയ്തുവന്നിരുന്നതുമായ വിഷയങ്ങളെ സാധാരണക്കാരിലേയ്ക്കുകൂടി സംക്രമിപ്പിച്ചത് പടപ്പാട്ടുകളായിരുന്നു. അതോടൊപ്പം പാർ ശ്വവത്കൃതരും ന്യൂനപക്ഷവുമായിരുന്ന ഒരു ജനവിഭാഗത്തിലേയ്ക്ക് ഭൗതികവിജ്ഞാനം പകർന്നുനല്കി മുഖ്യധാരയിലേയ്ക്കുയർത്തുന്നതിലും യുദ്ധകാവ്യങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചു. അപ്രകാരം വിപുലമായ ഈ സാഹിത്യശാഖയെ അപഗ്രഥിക്കുമ്പോൾ ആത്മീയതലത്തിലും നവസാമൂഹിക നിർമ്മിതിയിലും അവയ്ക്ക് കൈവരിക്കാനായ നേട്ടം ഒട്ടും നിസ്സാരമല്ലെന്ന് ബോധ്യപ്പെടുന്നു.

## ആധാരഗ്രന്ഥങ്ങൾ

1. കെ.കെ. മുഹമ്മദ് അബ്ദുൽ കരീം & സി.എൻ. അഹമ്മദ് മൗലവി, മഹത്തായ മാപ്പിളസാഹിത്യ പാരമ്പര്യം, ആസാദ് ബുക്സ്, കോഴിക്കോട്, 1978.
2. അബു, അറബി മലയാളസാഹിത്യചരിത്രം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം 1970.
3. ബാലകൃഷ്ണൻ വള്ളിക്കുന്ന്, മാപ്പിള സാഹിത്യപഠനങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2010.
4. ഹസ്സൻ നെടിയനാട്, മാപ്പിളപ്പാട്ടിന്റെ വേരുകൾ തേടി, വചനം ബുക്സ്, കോഴിക്കോട്, 2012